പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2126 — 18.03.2015-ൽ മറുപടിയ്ക്ക്

# ചെറായി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള തർക്കം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | നിർദ്ദിഷ്ട ചെറായി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള തർക്കപരിഹാരത്തിന് എറണാകുളം എ. ഡി. എമ്മിനെ ചുമതലപ്പെടുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ ; | (എ) | ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര നാളുകളായെന്നും ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദീകരിക്കാമോ ; | (ബി) | നിർദ്ദിഷ്ട 110 കെ. വി. ചെറായി ലൈൻ റൂട്ടിലുള്ള വിവിധ കക്ഷികൾ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ (WP(C)-3455/10) വിധിക്കു വിധേയമായി എറണാകുളം എ. ഡി. എം. 24-01-2011-ൽ കെ. എസ്. ഇ. ബി-ക്ക് അനുകൂലമായി തീരുമാനം എടുക്കുകയും ആയതിനെതിരെ പരാതിക്കാർ 3 കേസുകളായി കേരള ഹൈക്കോടതിയിൽ അപ്പീൽ നല്കുകയും ചെയ്തിരുന്നു. 15-02-2013-ൽ പ്രസ്തുത 3 കേസുകളിലും ഹൈക്കോടതി വിധി പ്രസ്താവിക്കുകയും എ. ഡി. എം-നോട് കെ. എസ്. ഇ. ബി-യുടെ നിലവിലെ ലൈൻ റൂട്ടും പരാതിക്കാർ ചൂണ്ടിക്കാണിച്ച ബദൽ റൂട്ടും പരിശോധിക്കാനും അതിനായി വേണമെങ്കിൽ അഡ്വക്കേറ്റ് കമ്മീഷനെ നിയമിക്കാനും ഉത്തരവാകുകയും ചെയ്തു. തദ്ദനുസരണം എ. ഡി. എം. ഈ 3 കേസിലുള്ള പരാതിക്കാരുടെ പരാതി ഫയലിൽ സ്വീകരിക്കുകയും 03-02-2013-ൽ അഡ്വക്കേറ്റ് കമ്മീഷനെ കെ. എസ്. ഇ. ബി-യുടെ ലൈൻ റൂട്ട് പഠിക്കുന്നതിനായി നിയമിക്കുകയും ഉണ്ടായി. അഡ്വക്കേറ്റ് കമ്മീഷൻ ഇതുവരെ എ. ഡി. എം-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കേസിന്റെ നടത്തിപ്പിനായി അഡ്വക്കേറ്റ് കമ്മീഷന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം കെ. എസ്. ഇ. ബി-യുടെ ഭാഗത്തുനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഈ ലൈൻ റൂട്ടുമായി |

ബന്ധപ്പെട്ട് മററു വിവിധ പരാതിക്കാരുടെ 19 കേസുകൾ എ. ഡി. എം-ന്റെ പരിഗണനയിലുണ്ട്.

(സി) എ. ഡി. എമ്മിന്റെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ എത്ര നാളു കൾക്കുള്ളിൽ ടി പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

(സി) കെ. എസ്. ഇ. ബി-ക്ക് അനുകൂലമായി എ. ഡി. എം-ന്റെ റിപ്പോർട്ട് ലഭിക്കുകയും മറ്റു കേസുകൾ ഉടലെടുക്കാതിരിക്കുകയും ചെയ്താൽ രണ്ട് വർഷത്തിനുള്ളിൽ ലൈൻ നിർമ്മാണം പൂർത്തിയാക്കി ചെറായി 110 കെ. വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ.**